# കേരള സംസ്ഥാന കാർഷിക യന്ത്രവത്കരണ മിഷൻ
## കേരള കാർഷിക സർവകലാശാല
### കേരള സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്

സ്പെഷ്യൽ ഓഫീസർ (കാർഷിക കർമ്മ സേന &
കാർഷിക സേവന കേന്ദ്രം), കാർഷിക ഗവേഷണ
കേന്ദ്രം, മണ്ണുത്തി

No.SPOASC/ 187/2022 തീയതി: 27/01/2023

**ക്വട്ടേഷൻ നോട്ടീസ്**

കേരള സംസ്ഥാന കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ മേൽനോട്ടത്തിൽ 2023 ഫെബ്രുവരി 25 മുതൽ മാർച്ച് 2 വരെ തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനത്ത് വെച്ച് നടത്തുന്ന വൈഗ - 2023 - ഹാക്കത്തോൺ - അന്തരാഷ്ട്ര പ്രദർശന മേളയിൽ സുരക്ഷ ഒരുക്കുന്നതിന് സുരക്ഷാ ജീവനക്കാരെ കരാറടിസ്ഥാനത്തിൽ നൽകുന്നതിന് ക്വട്ടേഷൻ ക്ഷണിച്ചു കൊള്ളുന്നു.

| തീയതി | ഡ്യൂട്ടി സമയം | ജീവനക്കാരുടെ എണ്ണം |
|---|---|---|
| 25/2/2023 to 2/3/2023 | 9.30 AM to 9.30 PM (12 hrs) (6 Days) | 38 |
| 25/2/2023 to 2/3/2023 | 6 AM to 6 PM ( 6 Days) | 4 |
| 25/2/2023 to 3/3/2023 | 6 PM to 6AM (6 Days) | 4 |

വൈഗ 2023 - വേദിയിൽ നിർദ്ദേശിക്കുന്ന സ്ഥലങ്ങളിൽ സുരക്ഷാ ജീവനക്കാരെ വിന്യസിക്കേണ്ടതാണ്

നിബന്ധനകൾ

1. ക്വട്ടേഷൻ സമർപ്പിക്കുന്ന ഏജൻസികൾക്ക് രജിസ്ട്രേഷനും സെക്യൂരിറ്റി സേവന രംഗത്ത് കുറഞ്ഞത് 3 വർഷത്തെയെങ്കിലും മുൻകാല പരിചയവും ഉണ്ടായിരിക്കേണ്ടതാണ്. ഇത് തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ ക്വട്ടേഷനോടൊപ്പം സമർപ്പിക്കേണ്ടതാണ്.
2. ക്വട്ടേഷനോടൊപ്പം നിരത ദ്രവ്യമായി 2000 /- (രണ്ടായിരം രൂപ മാത്രം) കെട്ടി വെയ്ക്കേണ്ടതാണ്. (കൺവീനർ, സെക്യൂരിറ്റി കമ്മിറ്റി വൈഗ 2023 എന്ന പേരിൽ Demand Draft ആയി)
3. മിനിമം വേജസ് ചട്ട പ്രകാരമുള്ള മിനിമം വേതനം നല്കാൻ ക്വട്ടെഷൻ ലഭിക്കുന്ന പക്ഷം പ്രസ്തുത കരാറുകാർ സെക്യൂരിറ്റി സർവ്വീസ് ഏജൻസി ബാധ്യസ്ഥമായിരിക്കും.
4. ഡ്യൂട്ടിക്ക് നിയോഗിക്കുന്ന സുരക്ഷാ ജീവനക്കാർക്ക് നിലവിൽ സർക്കാർ ഉത്തരവ് പ്രകാരം സുരക്ഷാ ജീവനക്കാർക്ക് നൽകേണ്ടുന്ന ദിവസം വേതനം കരാറുകാരൻ ഉറപ്പാക്കേണ്ടതാണ്
5. ആകെ നിയോഗിക്കുന്ന സെക്യൂരിറ്റി ഗാർഡുകളുടെ എണ്ണത്തിൽ 50% എക്സ് സർവ്വീസ്മാൻമാരും 50 സിവിലിയൻ സെക്യൂരിറ്റി ഗാർഡുകളായിരിക്കണം
6. സെക്യൂരിറ്റി ഗാർഡായി നിയോഗിക്കപ്പെടുന്നവർ 60 വയസിൽ താഴെ പ്രായം ഉള്ള വരും നല്ല കായിക ക്ഷമതയുള്ള വരുമായിരിക്കണം
7. സെക്യൂരിറ്റി ഗാർഡുകളുടെ അശ്രദ്ധ മൂലമോ ഡ്യൂട്ടിയിലുള്ള വീഴ്ച മൂലമോ കൃഷിവകുപ്പിനു സംഭവിക്കുന്ന നാശനഷ്ട്ടങ്ങൾക്കു തുല്യമായ തുക ക്വട്ടെഷണറുടെ പക്കൽനിന്നും ഈടാക്കുന്നതാണ്.
8. സർക്കാർ ക്വട്ടേഷനുകൾക്കുള്ള എല്ലാ നിബന്ധനകളും ഇതിനും ബാധകമായിരിക്കും.
9. സെക്യൂരിറ്റി ജോലികൾ ഉത്തരവാദപ്പെട്ട ഓഫീസർമാരുടെ നിർദ്ദേശാനുസരണം ചെയ്യേണ്ടതാണ്.
10. സെക്യൂരിറ്റി സേവനത്തിന് നിശ്ചയിക്കപ്പെട്ട പ്രതിഫലം സ്വീകരിക്കാനല്ലാതെ സെക്യൂരിറ്റി സേവനത്തിനായി നിയോഗിക്കപ്പെടുന്ന വ്യക്തികൾക്കോ കരാറുകാരനോ ഏജൻസിക്കോ കൃഷിവകുപ്പിൽ നിന്ന് മറ്റ് യാതൊരുവിധ അവകാശങ്ങൾക്കും ആനുകൂല്യങ്ങൾക്കും അർഹത ഉണ്ടായിരിക്കുന്നതല്ല.

11. സെക്യൂരിറ്റി സേവനം തൃപ്തികരം അല്ലെങ്കിൽ കാരണം കാണിക്കാതെ കരാർ റദ്ദ് ചെയ്യുവാൻ കൃഷിവകുപ്പിനെ അധികാരമുണ്ടായിരിക്കും.

12. ഒരു ദിവസത്തിൽ 12 മണിക്കൂറിൽ കൂടുതൽ തുടർച്ചയായി ഒരു സെക്യൂരിറ്റി ഗാർഡിനെ നിയോഗിക്കുവാൻ പാടില്ല

13. ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുന്ന സെക്യൂരിറ്റി ഗാർഡുകൾക്ക് യൂണിഫോം, ഷൂ, ബെൽറ്റ് തുടങ്ങിയവ സെക്യൂരിറ്റി കരാറുകാരൻ സ്വന്തം ചെലവിൽ നൽകേണ്ടതും ആയത് സെക്യൂരിറ്റി ഗാർഡുകൾ ഡ്യൂട്ടി സമയങ്ങളിൽ ധരിക്കേണ്ടതുമാണ്

14. സെക്യൂരിറ്റി ഡ്യൂട്ടിക്ക് നിയോഗിക്കപ്പെടുന്ന സെക്യൂരിറ്റി ഗാർഡുകളുടെ ഐഡൻറിറ്റി സംബന്ധിച്ച വിവരങ്ങൾ സെക്യൂരിറ്റി കരാറുകാർ/ ഏജൻസി മുൻകൂട്ടി സമർപ്പിക്കേണ്ടതും സെക്യൂരിറ്റി ഗാർഡുകൾ, ക്രിമിനൽ കേസ്, കുറ്റകൃത്യങ്ങൾ എന്നിവയിൽ ഉൾപ്പെട്ടിട്ടില്ല എന്ന സത്യവാങ്മൂലം അവരിൽനിന്ന് ശേഖരിച്ച് കൃഷിവകുപ്പിന് സമർപ്പിക്കേണ്ടതുമാണ്

15. സെക്യൂരിറ്റി ഗാർഡുകളുടെ നിയന്ത്രണ ചുമതല ഒഴിച്ച് നിയമപരമായും അല്ലാതെയും ഉള്ള എല്ലാ ബാധ്യതകളും കരാറുകാരനിൽ നിക്ഷിപ്തമായിരിക്കും.

16. ക്വട്ടേഷൻറുടെയും സെക്യൂരിറ്റി ജീവനക്കാരുടെയും കൃഷിവകുപ്പിലുള്ള സേവനം തികച്ചും താൽക്കാലികവും ഒരു നിശ്ചിതകാലയളവിലേക്കും മാത്രമാണ്. ഇത് സംബന്ധിച്ച് ഭാവിയിൽ കൃഷിവകുപ്പിൽ യാതൊരു അവകാശവും ഇവർക്ക് ഉണ്ടായിരിക്കുന്നതല്ല.

17. ക്വട്ടേഷനുകൾ ഈ ഓഫീസിൽ 10.02.2023 തീയതി ഉച്ചകഴിഞ്ഞ് 3 മണിക്ക് മുൻപായി സമർപ്പിക്കേണ്ടതാണ്. ക്വട്ടേഷനുകൾ അന്നേദിവസം 3.30 മണിക്ക് ഹാജർ ഉള്ള ക്വട്ടേഷൻകാരുടെയോ അവർ ചുമതലപ്പെടുത്തിയിരിക്കുന്ന ഏജന്റിന്റെയോ സാന്നിധ്യത്തിൽ തുറക്കുന്നതാണ്.

18. യാതൊരു കാരണവും കൂടാതെ കൊട്ടേഷൻ മാറ്റിവയ്ക്കുന്നതിനു നിരസിക്കുന്നതിനോ അസ്ഥിരപ്പെടുത്തുന്നതിനോ റദ്ദാക്കുന്നതിനോ ഉള്ള അധികാരം വൈഗ സെക്യൂരിറ്റി വിഭാഗം ഉപസമിതിയിൽ നിക്ഷിപ്തമാണ്.

19. നിലവിലുള്ള കോവിഡ് 19 പ്രോട്ടോകോൾ നിബന്ധനകൾ മുഴുവനും പാലിച്ചായിരിക്കണം സംരക്ഷണ ചുമതല നിർവഹിക്കേണ്ടത്.

ക്വട്ടേഷൻ ഉള്ളടക്കം ചെയ്യുന്ന കവറിന് പുറത്ത് വൈഗ 2023 പ്രദർശനം സെക്യൂരിറ്റി ഗാർഡിനെ നിയോഗിക്കുന്നതിനുള്ള ക്വട്ടേഷൻ എന്ന് രേഖപ്പെടുത്തേണ്ടതാണ്. ക്വട്ടേഷനുകൾ, കൺവീനർ, വൈഗ 2023- സെക്യൂരിറ്റി വിഭാഗം ഉപസമിതി, സ്പെഷ്യൽ ഓഫീസർ (കാർഷിക കർമ്മ സേന & കാർഷിക സേവന കേന്ദ്രം) കാർഷിക ഗവേഷണ കേന്ദ്രം മണ്ണുത്തി, തൃശ്ശൂർ- 680651 എന്ന വിലാസത്തിൽ എത്തിച്ച തരേണ്ടതാണ്. കൂടുതൽ വിവരങ്ങൾക്കായി മേൽ ഓഫീസുമായി ബന്ധപ്പെടുക.

Contact no: 8281200673

കൺവീനർ
വൈഗ 2023- സെക്യൂരിറ്റി വിഭാഗം ഉപസമിതി
സ്പെഷ്യൽ ഓഫീസർ (KKS & ASC ) &
സി . ഇ. ഒ , KSAMM,
കാർഷിക ഗവേഷണ കേന്ദ്രം, മണ്ണുത്തി- 680651

To Notice Boards

കാര്യാലയം –കൃഷി വകുപ്പ് ഡയറക്ടറേറ്റ്

കളക്ടറേറ്റ്, തിരുവനന്തപുരം

മുൻസിപ്പൽ കോർപ്പറേഷൻ ഓഫീസ്-തിരുവനന്തപുരം

ജില്ല പഞ്ചായത്ത് കാര്യാലയം - തിരുവനന്തപുരം

KAU Website